# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4479 — 17/12/2014 -ൽ മറുപടിക്ക്

# പൈപ്പ് പൊട്ടലുകൾ പരിഹരിക്കാൻ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.എസ്.സലീഖ | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ കാലയളവിൽ നാളിതു വരെ ഓരോ വർഷവും ജലവിഭവ വകുപ്പ് സംസ്ഥാനത്ത് ഓരോ ജില്ലകളിലും പൈപ്പ് പൊട്ടലുകൾ കണ്ടെത്തി പ്രവർത്തനക്ഷമമാക്കാൻ വേണ്ട സാമഗ്രികൾ, അതിനായുള്ള പ്രവർത്തന ച്ചെലവ് എന്നിവയ്ക്കായി എന്ത് തുക ചെലവാക്കി; വർഷം തിരിച്ച് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാരിന്റെ 2011-12 കാലയളവിൽ 71.32 കോടി രൂപയും 2012-13 കാലയളവിൽ 86.00 കോടി രൂപയും 2013-14 കാലയളവിൽ 70.39 കോടി രൂപയും 2014 ഒക്ടോബർ വരെ 49.99 കോടി രൂപയും ചെലവാക്കി. |
| (ബി) | പ്രസ്തുത പ്രവൃത്തി ഓരോ വർഷവും നടത്തിയ വൻകിട കരാറുകാർ ആരെല്ലാം; അവർക്ക് നൽകാനുള്ള തുക എത്ര; നാളിതുവരെ എന്ത് തുക നൽകി; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; | (ബി), (സി) & (ഡി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ജലവിഭവ വകുപ്പ് ജലവിതരണ പ്രവർത്തനങ്ങൾക്കായി മോട്ടോറുകൾ, പൈപ്പുകൾ ഉൾപ്പെടെ എന്തെല്ലാം സാമഗ്രികൾ എന്ത് തുകയ്ക്ക് വാങ്ങിയിട്ടുണ്ട്; ഏത് കമ്പനികളിൽ നിന്നും; അവർക്ക് എന്ത് തുക തൽകി; എന്ത് തുക നൽകുവാനുണ്ട്; വ്യക്തമാക്കുമോ; | | |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ജലവിത | | |

| | |
|---|---|
| രണ മേഖലയിൽ തലസ്ഥാന മേഖലയിൽ വൻകിട പൈപ്പുകളിൽ എത്ര തവണ പൈപ്പ്പൊട്ടൽ ഉണ്ടായിട്ടുണ്ട്; ഇതിനായി ഓരോ വർഷവും കരാറുകാർക്ക് നൽകിയ തുക എത്രയെന്നും ഇനി നൽകേണ്ടത് എത്രയെന്നും ആർക്കെല്ലാം എന്നും വ്യക്തമാക്കുമോ; ഇതിലേക്കായി മാത്രം സാമഗ്രികൾ വാങ്ങുവാൻ ജലവിഭവ വകുപ്പ് എന്ത് തുക ചെലവാക്കി; വിശദാംശം വ്യക്തമാക്കുമോ; | |
| (ഇ) ജലവിഭവ വകുപ്പിൽ ചില ഉദ്യോഗസ്ഥരും കരാറുകാരും തമ്മിലുള്ള അവിഹിത ബന്ധം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത്തരം ഉദ്യോസ്ഥ/കരാറുകാർക്കെതിരെ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

JSK/